പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 689 — 04.04.2018 ൽ മറുപടിക്ക്

## റെയിൽവേ വികസനത്തിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, പി.കെ. ശശി<br>,, വി. ജോയി | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ റെയിൽവേ വികസനത്തിന് തിരിച്ചടിയാകുന്ന തരത്തിൽ കേന്ദ്ര ബജറ്റ് വിഹിതം ഏകപക്ഷീയമായി വെട്ടിക്കുറയ്ക്കുകയും സംസ്ഥാനം മുൻകൂട്ടി ആവശ്യപ്പെട്ട പദ്ധതികളും പുതിയ ട്രെയിനുകളും പാതകളും ടെർമിനലുകളും അനുവദിക്കാതിരിക്കുകയും ചെയ്യുന്ന റെയിൽവേയുടെ പക്ഷപാതപരമായ നടപടികൾ തിരുത്തുന്നതിനായി നടത്തിയ ഇടപെടലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. (50 ശതമാനത്തോളം). പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. 2018 മാർച്ച് മാസം 28 -ാം തീയതി ബഹു. മുഖ്യമന്ത്രി, റെയിൽവേ ബോർഡ് ചെയർമാനുമായി ചർച്ച നടത്തുകയും സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. സംസ്ഥാനത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് റെയിൽവേ ബോർഡ് ചെയർമാൻ ഉറപ്പ് നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ റെയിൽവേ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സ്റ്റേഷനുകൾ,ട്രാക്ക്,സിഗ്നൽ എന്നിവയുടെ നവീകരണത്തിനുമായി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ റെയിൽവേ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പാതയിരട്ടിപ്പിക്കൽ, പുതിയ റെയിൽവേമേൽപാലങ്ങൾ, റെയിൽവേസ്റ്റേഷനുകളുടെ വികസനം, ട്രാക്ക്, സിഗ്നൽ എന്നിവയുടെ നവീകരണത്തിനുമായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 1014.06, 851.28, 689.13 കോടി രൂപ കേന്ദ്രബജറ്റിൽ വകയിരുത്തിയിരുന്നു. അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | റെയിൽവേ വികസന പദ്ധതികൾക്ക് ചെലവാകുന്ന തുകയുടെ അൻപത് ശതമാനം സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഉറപ്പുകൊടുത്തിട്ടും റെയിൽവേയും കേന്ദ്രസർക്കാരും അവഗണന കാട്ടുന്നത് തിരുത്തുന്നതിനുള്ള ശക്തമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ? | (സി) | റെയിൽവേ വികസനത്തിന്റെ ഭാഗമായ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്. (50 ശതമാനത്തോളം). എന്നാൽ പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകുകയും, പ്രസ്തുത നിലപാട് പുനപരിശോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം അനുകൂല നിലപാട് കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

SOUTHERN RAILWAY

## Assets- Acquisition, Construction and Replacement for 2018-19

| Sl no | Pink Book Item No | Particulars | Outlay Proposed for 2018- 19 (Figures in thousands of Rupees) |
|---|---|---|---|
| | | **New Line Works** | |
| 1. | 1 | Tirunavaya- Guruvayur (35 km) | 10,00,00 (10 cr) |
| 2. | 3 | Angamali- Sabarimala (116 km) | 219,90,00 |
| | | **Doubling Works** | |
| 3. | 22 | Calicut- Mangalore (221 km) | 13,75,00 |
| 4. | 25 | Cheppad- Kayankulam (7.76 km) | 51,00 |
| 5. | 26 | Mavelikkara- Chenganhur- Patch Doubling (12.3 km) | 2,00,00 |
| 6. | 27 | Cheppad- Harippad- Patch doubling (5.28 km) | 51,00 |
| 7. | 30 | Mulanturutti- Kuruppanthara (24 km) | 6,40,00 |
| 8. | 31 | Chinganur- Chingavanam (26.5 km) | 17,90,10 |
| 9. | 34 | Kuruppanthara- Chingavanam (26.54 km) | 56,50,00 |
| 10. | 35 | Ambalappuzha- Haripad (18.13 km) | 1050,00 |
| 11. | 38 | Ernakulam- Kumbalam- Patch Doubling (7.71 km) | 6,00,00 |
| 12. | 40 | Kumbalam- Thuravur Patch Doubling (15.59 km) | 15,00,00 |
| 13. | 43 | Trivandrum- Kanyakumari (86.56 km) | 110,00,00 |
| 14. | 45# | Turavur- Ambalapuzha (50 km) | 5,15,00 |
| 15. | 50# | Shoranur – Ernakulam- 3rd line (107 km) | 10,00 |
| | | **Traffic facility Works** | |
| 16. | 51 | Kochuveli – 2nd coaching terminal (stage II) | 10,00 |
| 17. | 57 | Ernakulam- One additional pit line & two stabling lines | 50,00 |
| 18. | 62 | Tikkotti- Vadakara – Intermediate block section | 1,00,00 |
| 19. | 63 | Vadakara- Mahe- Intermediate block section | 1,00,00 |
| 20. | 64 | Kumbla- Manjeshwar- Intermediate block section up & down lines in lieu of B-class station | 1,00,00 |
| 21. | | **Kerala ROBs/RUBs- 30 nos** ✓ | 71,67,32 |

# Expenditure on this project will be made only after following due processes / mandatory approvals and sanctions

Total Rs: **549, 49, 42 (Say 549.5 Crore)**